**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 3531**

**15.03.2018-ന് മറുപടി നൽകേണ്ടത്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രൊജക്ടുകൾക്ക് നൽകിയ ലോണുകളിലെ തിരിച്ചടവ്**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ഡോ. റ്റി.എം.തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ വിവിധ പദ്ധതികൾക്കു വേണ്ടി സമർപ്പിക്കുന്ന പ്രൊജക്ടുകളിൽ കാര്യമായ പരിശോധന നടക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ; | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ പദ്ധതികൾക്കായി സമർപ്പിക്കുന്ന പ്രോജക്ടുകൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വിശദമായി പരിശോധിക്കാറുണ്ട്. |
| (ബി) | പദ്ധതികൾ പരിശോധിക്കുന്ന രീതി വ്യക്തമാക്കുമോ; പ്രൊജക്ടുകൾ സാങ്കേതികമായി പരിശോധിക്കുന്ന രീതി വിവരിയ്ക്കുമോ ; | ഓരോ പ്രോജക്ടും ലഭിക്കുന്ന സമയത്ത് പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കുന്നു. അതിനു ശേഷം അനുമതി നൽകുന്നതിനു മുമ്പ് ലീഗൽ, ടെക്നിക്കൽ തലത്തിലുള്ള പരിശോധനകളും Financial Viability analysis-ഉം നടത്തുന്നു. ഈ പരിശോധനകൾക്കായി കെ.എഫ്.സി-യിലെ ഓഫീസർമാരേയും വേണ്ടി വന്നാൽ പുറത്തു നിന്നുള്ള വിദഗ്ധരേയും നിയോഗിക്കാറുണ്ട്. |
| (സി) | 2016 ജനുവരി മുതൽ നാളിതുവരെയായി ഓരോ ജില്ലയിലും സ്വീകരിച്ച പ്രൊജക്ടുകൾ എത്ര; ഇതിൽ എത്ര പ്രൊജക്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ട് ; | |

| ജില്ല | സ്വീകരിച്ച പ്രോജക്ടുകൾ | അനുമതി നൽകിയവ |
|---|---|---|
| തിരുവനന്തപുരം | 146 | 145 |
| കൊല്ലം | 102 | 96 |
| പത്തനംതിട്ട | 59 | 58 |
| ആലപ്പുഴ | 95 | 92 |
| കോട്ടയം | 62 | 59 |
| ഇടുക്കി | 103 | 102 |
| എറണാകുളം | 204 | 199 |

| | | |
|---|---|---|
| തൃശ്ശൂർ | 96 | 96 |
| പാലക്കാട് | 92 | 75 |
| മലപ്പുറം | 158 | 150 |
| കോഴിക്കോട് | 127 | 125 |
| വയനാട് | 135 | 135 |
| കണ്ണൂർ | 85 | 84 |
| കാസർഗോഡ് | 133 | 130 |
| ആകെ | 1597 | 1546 |

| | | |
|---|---|---|
| (ഡി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ വിവിധ പ്രൊജക്ടുകൾക്ക് നൽകിയ ലോണുകളിൽ തിരിച്ചടവ് വരാത്ത എത്ര കേസുകൾ നിലവിലുണ്ട്; വിശദീകരിക്കുമോ; | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിയ മറുപടി അനുസരിച്ച് ലോണുകളിൽ തിരിച്ചടവ് വരാത്ത കേസുകൾ ഒന്നും തന്നെ ഇല്ല. തിരിച്ചടവിൽ കുടിശ്ശിക വരുന്ന കേസുകളിൽ തുക വസൂലാക്കുന്നതിന് നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചു പോരുന്നുണ്ട്. |
| (ഇ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ലോൺ എടുത്ത വകയിൽ എത്ര രൂപ കേരള ഫിനാൻഷ്യൽ കോർപ്പറേഷന് തിരികെ ലഭിക്കാനുണ്ട്; വ്യക്തമാക്കുമോ; | 31.01.2017-ലെ കണക്കുകൾ പ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലോൺ നൽകിയ വകയിൽ 2534.54 കോടി രൂപ തിരികെ ലഭിക്കാനുണ്ട്. |

**സെക്ഷൻ ഓഫീസർ**